islamhouse.com



# എന്തുകൊണ്ട്
# ഇസ്‌ലാം?

തയ്യാറാക്കിയത്:

**ശൈഖ് അബ്ദുറഹ്മാൻ അൽ ശീഹ**

വിവർത്തനം:

**മുഹമ്മദ് കുട്ടി കടന്നമണ്ണ**

# ഉള്ളടക്കം

| | |
|---|---|
| | പേജ്: |
| 1. ആമുഖം | 3 |
| 2. കൈയേറ്റക്കാർ, കാരണങ്ങൾ | 4 |
| 3. എന്താണ് ഇസ്‌ലാം? | 7 |
| 4. ഇസ്‌ലാമിന്റെ സ്തംഭങ്ങൾ | 10 |
| 5. വിശ്വാസ കാര്യങ്ങൾ | 13 |
| 6. ഇസ്‌ലാമിന്റെ അടിത്തറകൾ | 17 |
| 7. ഇസ്‌ലാമിക സ്വഭാവങ്ങൾ | 18 |
| 8. അവകാശങ്ങൾ ഇസ്‌ലാമിൽ | 19 |
| 9. 'ഇസ്‌ലാം' അദ്ദേഹത്തിന്റെ വാക്കുകളിൽ | 21 |
| 10. ഇസ്‌ലാമിന്റെ സന്ദേശവാഹകൻ | 21 |
| 11. മുഹമ്മദ് (സ) അവരുടെ വാക്കുകളിൽ | 22 |
| 12. എന്താണ് ഖുർആൻ | 24 |
| 13. ഖുർആൻ അവരുടെ വാക്കുകളിൽ | 24 |
| 14. ഇസ്‌ലാമും വിജ്ഞാനസമ്പാദനവും | 26 |
| 15. ഇസ്‌ലാമും സമ്പത്തും | 27 |
| 16. സ്ത്രീ ഇസ്‌ലാമിൽ | 28 |
| 17. ഇസ്‌ലാമും അമുസ്‌ലിംകളും | 29 |
| 18. ഇസ്‌ലാമും യുദ്ധവും | 30 |
| 19. ഇസ്‌ലാമും പ്രകൃതിയും | 31 |
| 20. ഇസ്‌ലാമും വൃത്തിയും | 32 |
| 21. അവസാനമായി | 33 |

## എന്തുകൊണ്ട് ഇസ്ലാം?

### ആമുഖം

ആകാശ ദൂതുകളിൽ അവസാനത്തേതും മോശെയുടെയും യേശുവിന്റെയും മതങ്ങളുടെ പൂർത്തീകരണവുമായ അന്തിമ സന്ദേശത്തെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിശകലനമാണിത്. ഈ മതത്തിലൂടെ മറ്റു മതങ്ങളെല്ലാം നിരാകരിക്കപ്പെട്ടു. ഏറ്റവും ഒടുവിലെ കണക്കനുസരിച്ച് ഒരു ബില്യണിലേറെ ജനങ്ങൾ ലോകത്ത് ഈ സന്ദേശം സ്വീകരിച്ചവരായുണ്ട്. സാമ്പത്തികവും കായികവുമായ ശേഷിയുടെ അഭാവത്തിലും മനുഷ്യർ ഈ സന്ദേശം സ്വീകരിക്കാനായി മൽസരിച്ചൊഴുകുകയാണ്. ആ സന്ദേശം ഉൾക്കൊണ്ടവർ പിന്നീടത് ഉപേക്ഷിക്കാറില്ല. അതത്രെ ഇസ്ലാം.

## കൈയേറ്റക്കാർ, കാരണങ്ങൾ

ലോകമാസകലം കൈയേറ്റത്തിന് വിധേയമാവുന്ന ഒരേയൊരു മതം ഇസ്‌ലാമാണ്. കൈയേറ്റക്കാരെക്കുറിച്ച് പഠന വിധേയമാക്കുമ്പോൾ അവർ താഴെ പറയുന്നവരാണെന്ന് കാണാം:

1) വിവരദോഷികൾ: **കാരണം യഥാർത്ഥ ദൈവമായ അല്ലാഹുവെയല്ലാതെ ആരാധിക്കാൻ പാടില്ലെന്ന് ഇസ്‌ലാം ഉദ്ഘോഷിക്കുന്നു. അവന്നുള്ളതല്ലാത്ത മുഴുവൻ കീഴ്‌വണക്കത്തെയും, ആരാധനാഭാവത്തോടെയുള്ള അനുസരണത്തെയും അത് നിരാകരിക്കുന്നു. അല്ലാഹു പറയുന്നു: '(നബിയേ) പറയുക: ഹേ, വിവരം കെട്ടവരേ, അപ്പോൾ അല്ലാഹുവല്ലാത്തവരെ ഞാൻ ആരാധിക്കണമെന്നാണോ നിങ്ങൾ എന്നോട് കൽപിക്കുന്നത്?' (സുമർ: 64).**

2) പ്രകൃതി വിരുദ്ധ ദുർമ്മാർഗ്ഗികൾ: **ഇസ്‌ലാം തെളിഞ്ഞ പ്രകൃതി മതമാണ്. അല്ലാഹു പറയുന്നു: 'ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചുനിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ ആ സൃഷ്ടിവ്യവസ്ഥക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷെ, മനുഷ്യരിൽ അധിക പേരും മനസ്സിലാക്കുന്നില്ല' (റൂം: 30).**

3) അക്രമികൾ: **കാരണം ഇസ്‌ലാം നീതിയുടെ മതമാണ്. അല്ലാഹു പറയുന്നു: 'തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചുഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് ഉപദേശം തരുന്നു' (നഹ്ൽ: 90).**

4) കുഴപ്പക്കാർ: **കാരണം ഇസ്‌ലാം രഞ്ജിപ്പിന്റെ മതമാണ്. അല്ലാഹു പറയുന്നു: 'അവർ നാട്ടിൽ കുഴപ്പമുണ്ടാവാൻ വേണ്ടി ശ്രമിക്കുകയാണ്. കുഴപ്പക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല' (മാഇദ: 64).**

5) സമാധാന ധ്വംസകർ: **കാരണം ഇസ്‌ലാം സമാധാനത്തിന്റെ മതമാണ്. അല്ലാഹു പറയുന്നു: 'നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല' (ബഖറ: 190).**

6) അമിത വാദികൾ: **ഇസ്‌ലാം മിതത്വത്തിന്റെ മതമാണെന്നതാണതിന് കാരണം. അല്ലാഹു പറയുന്നു: 'അപ്രകാരം നാം നിങ്ങളെ ഒരുത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും, റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി' (ബഖറ: 143).**

7) മൃഗീയ വികാരത്തിന്റെയും പൈശാചികതയുടെയും വക്താക്കൾ: **ഇസ്‌ലാം പാതിവ്രത്യത്തിന്റെ മതമാണെന്നതാണതിന് കാരണം. അല്ലാഹു പറയുന്നു: 'നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗ്ഗവുമാകുന്നു' (ഇസ്‌റാഅ്: 32).**

8) ഭൗതിക തൽപ്പരർ: **കാരണം, പ്രയാസങ്ങൾ ഏറ്റെടുക്കുന്ന കാരുണ്യത്തിന്റെ മതമാണ് ഇസ്‌ലാം. ജനങ്ങളുടെ ദൗർബല്യവും ആവശ്യങ്ങളും കണ്ടറിഞ്ഞ് പരിഹരിക്കുന്ന മതം. അല്ലാഹു പറയുന്നു: 'അന്യായമായ നിലയിൽ നിങ്ങൾ അന്യോന്യം സ്വത്തുക്കൾ തിന്നരുത്. അറിഞ്ഞുകൊണ്ട് തന്നെ, ആളുകളുടെ സ്വത്തുക്കളിൽ നിന്ന് വല്ലതും അധാർമ്മികമായി നേടിയെടുത്തു തിന്നുവാൻ വേണ്ടി നിങ്ങളതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്' (ബഖറ: 188).**

9) മുഴുവൻ മനുഷ്യരോടും വെറുപ്പ് വെച്ചുപുലർത്തുന്ന അസൂയയുടെ വക്താക്കൾ: **മറ്റു മനുഷ്യരെക്കാൾ ഉന്നതമായ ഏതോ ഒരു സൃഷ്ടിയാണ് തങ്ങളെന്നവണ്ണമാണ് അവരുടെ നീക്കങ്ങൾ. എന്നാൽ ഇസ്‌ലാമാകട്ടെ വർഗ്ഗീയതക്കെതിരെ സന്ധിയില്ലാസമരം ചെയ്യുന്ന, പരസ്**

പര സമത്വത്തിന്റെ സന്ദേശം വിളിച്ചോതുന്ന മതമാണ്. ഇതാണ് അവരെ അതിന് പ്രേരിപ്പിക്കുന്ന ഘടകവും. അല്ലാഹു പറയുന്നു: 'ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു' (ഹുജുറാത്: 13).

# എന്താണ് ഇസ്‌ലാം?

യഥാർത്ഥ ദൈവമായ അല്ലാഹുവിന്നുള്ള അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും മതം. ബഹുദൈവ വിശ്വാസത്തിൽ നിന്നും മുക്തമായ, ശുദ്ധമായ ഏക ദൈവ വിശ്വാസത്തിന്റെ മതം. വിട്ടു വീഴ്ചയുടെയും എളുപ്പത്തിന്റെയും മതം– അതാണ് ഇസ്‌ലാം. അല്ലാഹു പറയുന്നു: 'അല്ലാഹു നിങ്ങളെക്കൊണ്ട് എളുപ്പമാണ് ഉദ്ദേശിക്കുന്നത്, അവൻ നിങ്ങളെക്കൊണ്ട് ഞെരുക്കം ഉദ്ദേശിക്കുന്നില്ല' (ബഖറ: 185).

മനഃശാന്തിയുടെയും ആശ്വാസത്തിന്റെയും മതം: അല്ലാഹു പറയുന്നു: 'അതായത് വിശ്വസിക്കുകയും, അല്ലാഹുവെപ്പറ്റിയുള്ള ഓർമ്മ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ്മകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത് (റഅ്ദ്: 28).

അലിവിന്റെയും കാരുണ്യത്തിന്റെയും മതം: ഇസ്‌ലാമിന്റെ ദൂതൻ (സ) പറഞ്ഞു: 'കാരുണ്യവാന്മാരോട് പരമകാരുണ്ണികൻ കരുണ കാണിക്കും. നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ ചെയ്യുക, എന്നാൽ ആകാശത്തുള്ളവൻ നിങ്ങ ളോടും കരുണ ചെയ്യും' (തുർമുദി).

സ്നേഹത്തിന്റെയും ജീവകാരുണ്യത്തിന്റെയും മതം: നബി (സ) പറഞ്ഞു: 'ജനങ്ങൾക്കേറ്റവും ഉപകാരപ്പെട്ടവനാണ് ജനങ്ങളിൽ അല്ലാഹുവിനേറ്റം പ്രിയപ്പെട്ടവൻ' (തിർമുദി).

അവ്യക്തതകളും സന്ദേഹങ്ങളുമില്ലാത്ത മതം: അല്ലാഹു പറയുന്നു: 'നിനക്കുമുമ്പ് മനുഷ്യരെയല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം സന്ദേശം നൽകുന്നു. നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദം മുഖേന) ഉൽബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചുനോക്കുക' (നഹ്ൽ: 43).

സർവ്വ മനുഷ്യർക്കിടയിലും പൂർണ്ണ സമത്വം ഉൽഘോഷിക്കുന്ന മതം: **ദൈവത്തോടുള്ള ഭയഭക്തിയൊന്നു മാത്രമാണ് അവരിൽ വ്യതിരിക്തത കൽപ്പിക്കുന്നത്. ഇസ്ലാമിന്റെ ദൂതൻ (സ) പ്രഖ്യാപിക്കുന്നു: 'ചീർപ്പിന്റെ പല്ലുകൾ പോല മനുഷ്യരെല്ലാം സമന്മാരാണ്, അറബിക്ക് അനറബിയെക്കാൾ യാതൊരു ശ്രേഷ്ഠതയുമില്ല– ഭയഭക്തി കൊണ്ടല്ലാതെ'.**

ശത്രു മിത്ര ഭേദമന്യേ സമമായ പൊതു നീതിയുടെ മതം: **അല്ലാഹു പറയുന്നു: 'ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്' (മാഇദ: 8).**

പൂർണ്ണ സ്വാതന്ത്ര്യത്തിന്റെ മതം:

*a)* വിശ്വാസ സ്വാതന്ത്ര്യം: **അല്ലാഹു പറയുന്നു: 'മതത്തിൽ ബലാൽക്കാരമില്ല' (ബഖറ: 256).**

*b)* ചിന്താ സ്വാതന്ത്ര്യം: **അഥവാ മനുഷ്യനെ നന്മയിലേക്കും സ്രഷ്ടാവിനെ അറിയുന്നതിലേക്കും കൊണ്ടെത്തിക്കുന്ന ചിന്ത. അല്ലാഹു പറയുന്നു: '(നബിയേ) പറയുക! ആകാശങ്ങളിലും ഭൂമിയിലും എന്തൊക്കെയാണുള്ളതെന്ന് നിങ്ങൾ നോക്കുവിൻ' (യൂനുസ്: 101).**

*c)* അഭിപ്രായ സ്വാതന്ത്ര്യം: **തിരുദൂതൻ (സ) പറയുന്നു: 'ഏറ്റവും ശ്രേഷ്ഠമായ ധർമ്മസമരം (ജിഹാദ്) അക്രമിയായ ഭരണാധിപന്റെ അടുക്കൽ സത്യം തുറന്നുപറയലാകുന്നു'.**

ഐക്യത്തിന്റെയും ഒരുമയുടെയും മതം: **അല്ലാഹു പറയുന്നു: 'അല്ലാഹുവിന്റെ പാശം നിങ്ങൾ മുറുകെ പിടിക്കുക, നിങ്ങൾ ഭിന്നിക്കരുത്' (ആലു ഇംറാൻ: 103).**

നന്മയിൽ സഹകരിക്കുന്ന മതം: **അല്ലാഹു പറയുന്നു: 'പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക, പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്' (മാഇദ: 2).**

മുഴുവൻ മനുഷ്യരുടെയും മതം: **ഇസ്‌ലാം മുഴുവൻ മനുഷ്യരിലേക്കുമുള്ളതാണ്. അതിന്റെ വിളി മനുഷ്യ വർഗ്ഗത്തിനൊന്നടങ്കമാണ്. അല്ലാഹു പറയുന്നു: 'നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല' (സബഅ്: 28).**

പരിപൂർണ്ണതയുടെ മതം: **മുമ്പ് അവതീർണ്ണമായ മതങ്ങളെയെല്ലാം ഇതിലൂടെ പൂർണ്ണമാക്കി, ഇതിലൂടെ അവക്ക് മുദ്ര വെച്ച് അവസാനിപ്പിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു: 'ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു' (മാഇദഃ: 3).**

**വിശ്വാസ, വാചാ, കർമ്മണായുള്ള ആരാധനകളുടെ ഒരു കൂട്ടായ്മയാണ് ഇസ്‌ലാം. ഉത്തമ ഗുണങ്ങൾ കുരുപ്പിടിപ്പിക്കുന്നതിലും, ആത്മ സംസ്കരണത്തിലും, അതനുസരിച്ച് ജീവിതം കെട്ടിപ്പടുക്കുന്നതിലും, വ്യക്തികളെ നന്നാക്കിയെടുക്കുന്നതിലും, മുസ്‌ലിം സമൂഹത്തിന്റെ ഐക്യവും കെട്ടുറപ്പും കാത്തുസൂക്ഷിക്കുന്നതിലും ഇസ്‌ലാമിന്റെ പങ്ക് നിസ്തുല്യമത്രെ.**

# ഇസ്‌ലാമിന്റെ സ്തംഭങ്ങൾ

1) രണ്ട് സാക്ഷ്യ വാക്യങ്ങൾ:

**'ലാ ഇലാഹ ഇല്ലല്ലാഹു, മുഹമ്മദുർറസൂലുല്ലാഹി' 'അല്ലാഹു ഒഴികെ ആരാധനക്കർഹനായി ആരും തന്നെയില്ല, മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാകുന്നു' എന്നാണിതിന്റെ സാരം. ഇതാണ് ഇസ്‌ലാമിലേക്കുള്ള പ്രവേശന കവാടത്തിന്റെ താക്കോൽ. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ പൊരുൾ ഇപ്രകാരമാണ്:**

- **ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് അല്ലാഹു മാത്രമാണ്.**
- **ഈ പ്രപഞ്ചത്തിന്റെ അധികാരിയും അതിനെ കൈകാര്യം ചെയ്യുന്നതും അല്ലാഹു മാത്രമാണ്.**
- **ആരാധനകൾക്കർഹനായി അല്ലാഹുവൊഴികെ മറ്റാരുമില്ല.**

**'മുഹമ്മദ് (സ) കൽപ്പിച്ചരുളിയത് അനുസരിക്കുക, അദ്ദേഹം അറിയിച്ചു തന്നത് സത്യപ്പെടുത്തുക, അദ്ദേഹം താക്കീത് ചെയ്തതും വിരോധിച്ചതും വെടിയുക' എന്നതാണ് 'മുഹമ്മദുർറസൂലുല്ലാഹി' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.**

2) നമസ്കാരം:

**അടിമക്കും തന്റെ രക്ഷിതാവിനുമിടയിലുള്ള പാശമാണ് നമസ്കാരം. അതിലൂടെ അടിമ അവനോട് സ്വകാര്യഭാഷണം നടത്തുകയും പാപമോചനം തേടുകയും ചെയ്യുന്നു. അവനോട് ശക്തിയും സഹായവും തേടുന്നു. രാപ്പകലുകളിലായി സമയ നിർണ്ണിതമായ രൂപത്തിൽ അഞ്ച് നേരമാണത് കൽപ്പിക്കപ്പെട്ടിരിക്കുന്നത്. ഇതിലൂടെ മുഴുസമയത്തും മുസ്‌ലിം തന്റെ സ്രഷ്ടാവുമായുള്ള ബന്ധം നിലനിറുത്തുന്നു. തക്കതായ കാരണങ്ങളുണ്ടെങ്കിലൊഴികെ പുരുഷന്മാർ പള്ളിയിൽ വെച്ച് സംഘമായാണ് നമസ്കാരം നിർവ്വഹിക്കേണ്ടത്. പരസ്പരം സ്നേഹവും ഐക്യവും ഊട്ടിയുറപ്പിക്കാനും, സാമൂഹ്യമായ ഭിന്നതകൾ പരിഹരിക്കുവാനും ഇതിലൂടെ സാധ്യമാവുന്നു. കാരണം, മുസ്‌ലിംകൾ മുഴുവനും ഒരേ സമയങ്ങളിൽ തോളോട് തോൾ**

ചേർന്ന്, താഴ്മയോടെ, ഒരേ അണിയിൽ, ഒരേ ദിശയിലേക്ക് തിരിഞ്ഞു നിന്നാണ് ഈ മഹത്തായ കർമ്മം നിർവ്വഹിക്കുന്നത്.

3) സകാത്ത്:

കൃത്യമായ നിബന്ധനകൾക്ക് വിധേയമായി ഓരോ മുസ്‌ലിം ധനികനും, ദരിദ്രരും ആവശ്യക്കാരുമായ തങ്ങളുടെ സഹോദരങ്ങൾക്ക് നൽകേണ്ടുന്ന തന്റെ സമ്പത്തിന്റെ വളരെ ചെറിയ ഒരംശമാണ് സകാത്ത്. അല്ലാഹുവിന്റെ കൽപ്പനയാണിത്. തൃപ്തിയുള്ള മനസ്സോടെ നൽകുന്ന ഈ ദാനം കൊണ്ട് മുസ്‌ലിം സമൂഹത്തിന്റെ ഐക്യം ഊട്ടിയുറപ്പിക്കുവാനും ദാരിദ്ര്യവും അതുകാരണമായുണ്ടാവുന്ന മറ്റെല്ലാ അപകടങ്ങളും ഇല്ലായ്മ ചെയ്യാനും ഇടയാവുന്നു. ധനികരുടെ മനസ്സുകളെ പിശുക്ക്, അത്യാഗ്രഹം പോലുള്ള മ്ലേച്ഛ സ്വഭാവങ്ങളിൽ നിന്നും, പാവപ്പെട്ടവരുടെ ഹൃദയങ്ങളെ ധനികരോടു ള്ള കോപം, അസൂയ എന്നതിൽ നിന്നും ശുദ്ധീകരിക്കുവാനും സകാത് കാരണമാവുന്നു. പരസ്പരം നന്മ ചെയ്യാൻ ഇരുകൂട്ടരെയും അത് പ്രേരിപ്പിക്കുകയും ചെയ്യുന്നു.

4) റമദാൻ നോമ്പ്:

പ്രഭാതം മുതൽ പ്രദോഷം വരെ അന്ന പാനീയങ്ങൾ, സംയോഗം പോലെയുള്ള കാര്യങ്ങളിൽ നിന്നും വിട്ടുനിന്നുകൊണ്ട് വർഷത്തിലൊരിക്കൽ മുസ്‌ലിം നിർവ്വഹിക്കേണ്ടുന്ന ഒരു ആരാധനയാണ് വ്രതാനുഷ്ഠാനം. ഇത് ഇസ്‌ലാം നിയമമാക്കിയ ഒരു നൂതന സമ്പ്രദായമല്ല. മറിച്ച് മുൻ സമുദായങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരുന്നു. അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളെ നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു' (ബഖറ: 183).

നോമ്പ് ദേഹത്തിനും ദേഹ വികാരത്തിനും വിചാരത്തിനും ഇടയിലുള്ള ഒരു അങ്കമാണ്. സമൂഹത്തിൽ ഇല്ലാത്തവന്റെ ഇല്ലായ്മയും ദരിദ്രന്റെ ദാരിദ്ര്യവും ഒരു മുസ്‌ലിമിന് ഇതിലൂടെ അനുഭവപ്പെടുന്നു. പാവപ്പെട്ടവന്റെയും ആവശ്യക്കാരന്റെയും അവകാശം കൊടുത്തുവീട്ടാൻ ഇതവനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

5) ഹജ്ജ്:

അല്ലാഹുവിന്റെ വിളിക്കുത്തരം നൽകിക്കൊണ്ട് നിശ്ചിതമായ സ്ഥലങ്ങളിൽ നിശ്ചിത ദിവസങ്ങളിൽ നിർവ്വഹിക്കപ്പെടുന്ന പ്രത്യേക കർമ്മങ്ങളാണ് ഹജ്ജ് കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. സാമ്പത്തികവും ശാരീരികവുമായ ശേഷിയുണ്ടെങ്കിൽ ബുദ്ധിയും പ്രായപൂർത്തിയുമെത്തിയ ഓരോ മുസ്ലിമിനും ഇത് നിർബന്ധമാണ്. അല്ലാഹു പറയുന്നു: 'ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു' (ആലുഇംറാൻ: 97).

ഒരേ സ്ഥലത്ത് നിശ്ചിത ദിവസങ്ങളിൽ മുസ്‌ലിംകൾ ഒന്നിച്ചുകൂടുന്ന ഏറ്റവും വലിയ സമ്മേളനമാണിത്. ഒരേ വസ്ത്രം അവർ അണിയുന്നു, ഒരേ കർമ്മങ്ങൾ അവർ നിർവ്വഹിക്കുന്നു, ഒരേ രക്ഷിതാവിനോടവർ വിളിച്ചു പ്രാർത്ഥിക്കുന്നു. ധനികനും ദരിദ്രനുമവിടെ വേർതിരിവില്ല, മാന്യനും നിസ്സാരനുമവിടെ വിവേചനമില്ല, വെളുത്തവനും കറുത്തവനുമവിടെ വ്യത്യാസമില്ല. അറബിക്കും അനറബിക്കുമവിടെ വൈജാത്യങ്ങളില്ല. ഇത് മുസ്‌ലിം സാഹോദര്യത്തിന്റെ ശക്തിയെ വിളിച്ചോതുന്നു.

## വിശ്വാസ കാര്യങ്ങൾ

1) അല്ലാഹുവിലുള്ള വിശ്വാസം:

പ്രധാനമായും ഇതുകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹു, അവൻ ഉള്ളവനാണ്, അവന്റെ രക്ഷാകർതൃത്വത്തിലും, അവന്റെ ദിവ്യത്വത്തിലും, അവന്റെ നാമങ്ങളിലും വിശേഷണങ്ങളിലും അവൻ ഏകനാണ്, അവന് പങ്കുകാരാരുമില്ല, അവന് തുല്യരോ സമന്മാരോ ഇല്ല. അവൻ മാത്രമാണീ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും അതിലെ കൈകാര്യകർത്താവും. അവൻ ഉദ്ദേശിച്ചതല്ലാതെ ഇവിടെ ഉണ്ടാവുകയില്ല. അവൻ തീരുമാനിച്ചതല്ലാതെ ഇവിടെ സംഭവിക്കുകയുമില്ല. അവൻ മാത്രമേ ആരാധനക്കർഹനായുള്ളു. ഖുർആൻ പറയുന്നു: "(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്നു തുല്യനായി ആരും ഇല്ല താനും" (ഇഖ്ലാസ്: 1-5).

2) മലക്കുകളിലുള്ള വിശ്വാസം:

തനിക്ക് ആരാധന നിർവ്വഹിക്കുവാനായി അല്ലാഹു സൃഷ്ടിച്ച മറ്റൊരു സൃഷ്ടിയാണ് എണ്ണമറ്റ മലക്കുകൾ. അവരുടെ എണ്ണം എത്രയെന്ന് അല്ലാഹുവിന്നല്ലാതെ അറിയുകയില്ല. വിശുദ്ധ ഗ്രന്ഥം പറയുന്നു: 'അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹ് ഒരിക്കലും വൈമനസ്യം കാണിക്കുന്നതല്ല. (അല്ലാഹുവിന്റെ) സാമീപ്യം സിദ്ധിച്ച മലക്കുകളും (വൈമനസ്യം കാണിക്കുന്നതല്ല)' (നിസാഅ്: 172).

മലക്കുകൾ അല്ലാഹുവിന്റെ സമന്മാരോ സന്താനങ്ങളോ അല്ല. താൻ ഉദ്ദേശിക്കുന്ന ജോലികൾ അവരെക്കൊണ്ട് ചെയ്യിപ്പിക്കാനാണ് അവനവരെ സൃഷ്ടിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു: 'പരമകാരുണ്ണികൻ സന്താനത്തെ സ്വീകരിച്ചിരിക്കുന്നു എന്നവർ പറഞ്ഞു. അവൻ എത്ര പരിശുദ്ധൻ! എന്നാൽ (അവർ- മലക്കുകൾ) അവന്റ ആദരണീയരായ ദാസന്മാർ മാത്രമാകുന്നു.

അവർ അവനെ മറികടന്നു സംസാരിക്കുകയില്ല. അവന്റെ കൽപനയനുസരിച്ച് മാത്രം അവർ പ്രവർത്തിക്കുന്നു' (അമ്പിയാഅ്: 26,27).

3) വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം:

ഏകനായ അല്ലാഹുവിനെ ആരാധിക്കേണ്ട മാർഗ്ഗ രൂപവും, അവരുടെ ഭൗതിക ജീവിതവുമായി ബന്ധപ്പെട്ട നിയമ നിർദ്ദേശങ്ങളും ജനങ്ങളെ പഠിപ്പിക്കേണ്ടതിനായി തന്റെ ദൂതന്മാർക്ക് അല്ലാഹു തമ്പുരാൻ അവതരിപ്പിച്ചു നൽകിയ ആകാശദൂതുകളാണ് വേദഗ്രന്ഥങ്ങൾ. അവയിൽപ്പെട്ടതാണ്:

1) ഇബ്റാഹീം നബി (അ)യുടെ ഏടുകൾ, 2) മൂസാ (അ)ക്ക് അവതീർണ്ണമായ 'തൗറാത്ത്', 3) ദാവൂദ് നബി (അ)ക്ക് അവതീർണ്ണമായ 'സബൂർ', 4) ഈസാ (അ)ക്ക് അവതരിപ്പിക്കപ്പെട്ട 'ഇഞ്ചീൽ', 5) മുഹമ്മദ് (സ)ക്ക് അവതീർണ്ണമായ 'ഖുർആൻ' എന്നിവ. വിശുദ്ധ ഖുർആൻ ലോകത്തുള്ള മുഴുവൻ ജനങ്ങളിലേക്കുമായാണ് അവതീർണ്ണമായിരിക്കുന്നത്. അതിലൂടെ മുൻകഴിഞ്ഞ വേദഗ്രന്ഥങ്ങളെല്ലാം ദുർബ്ബലപ്പെടുത്തപ്പെടുകയും ചെയ്തു.

4) പ്രവാചകന്മാരിലുള്ള വിശ്വാസം:

ദൈവിക നിയമങ്ങളെക്കുറിച്ച് ജനങ്ങൾക്ക് ബോധനം നൽകുവാനായി തന്റെ സൃഷ്ടികളിൽ നിന്ന് തിരഞ്ഞെടുത്തവരാണ് പ്രവാചകന്മാർ. അതിനാൽത്തന്നെ പ്രവാചക നിയോഗത്തിനുശേഷം മനുഷ്യർക്ക് അല്ലാഹുവിന്നെതിരിൽ ന്യായത്തിന് യാതൊരു പഴുതും അവശേഷിക്കുന്നില്ല. പ്രവാചകന്മാർ ഏറ്റവും ഉൽകൃഷ്ട സ്വഭാവത്തിനുടമകളും, പാപസുരക്ഷിതരുമാണ്. പ്രവാചകന്മാർ അനേകമുണ്ട്, അവരുടെ എണ്ണത്തെക്കുറിച്ച് അല്ലാഹുവിന്നല്ലാതെ അറിഞ്ഞുകൂടാ. അവർ മനുഷ്യരാണ്, ദിവ്യദൂതുകൊണ്ട് അല്ലാഹു അവരെ പ്രത്യേകമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു: 'നിനക്കുമുമ്പ് പുരുഷന്മാരെ (ആളുകളെ)യല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം ബോധനം നൽകുന്നു. നിങ്ങൾ (ഈകാര്യം) അറിയാത്തവരാണെങ്കിൽ വേദക്കാരോട് ചോദിച്ചുനോക്കുക' (അമ്പിയാഅ്: 7).

അവരിൽ ആദ്യദൂതൻ നൂഹ് (അ)യും അവസാനത്തെയും പ്രവാചകത്വ ശൃംഘലക്ക് അന്ത്യം കുറിച്ചവനുമായ ദൂതർ മുഹമ്മദ് (സ)യുമാണ്.

5) അന്ത്യനാളിലുള്ള വിശ്വാസം:

ഈ ഐഹിക ലോകം ഒരു നാൾ തകർന്ന് നാശമടയുമെന്ന വിശ്വാസ മാണിതുകൊണ്ട് അർത്ഥമാക്കുന്നത്. അല്ലാഹു പറയുന്നു: 'അവിടെ (ഭൂമുഖ ത്ത്)യുള്ള എല്ലാവരും നശിച്ച് പോകുന്നവരാകുന്നു. മഹത്വവും ഉദാരതയും ഉള്ളവനായ നിന്റെ രക്ഷിതാവിന്റെ മുഖം അവശേഷിക്കുന്നതാണ്' (റഹ് മാൻ: 26,27)

അതിനെത്തുടർന്ന് പുനരുത്ഥാനവും ഉയിർത്തെഴുന്നേൽപ്പുമുണ്ടാവും. അതിനുശേഷം മുഴുവൻ സൃഷ്ടികളെയും അവൻ വിചാരണ ചെയ്യും. പ്ര വാചകന്മാരെ വിശ്വസിക്കുകയും അവരെ പിൻപറ്റുകയും ചെയ്തവർക്ക് അവരുടെ വിശ്വാസത്തിനും കർമ്മത്തിനുമനുസരിച്ച് നന്മ പ്രതിഫലമായി നൽകപ്പെടും. തിന്മയുടെ വക്താക്കൾക്ക് അവരുടെ പാപത്തിന്റെയും അവി ശ്വാസത്തിന്റെയും പ്രവാചകരോടുള്ള ധിക്കാരത്തിന്റെയും ഫലമായി ശിക്ഷ നൽകപ്പെടും. തുടർച്ചയായ, അനന്തമായ ജീവിതമാണത്. ഒന്നുകിൽ അനു ഗ്രഹ സ്വർഗ്ഗം, അല്ലെങ്കിൽ കരിക്കുന്ന നരകം.

6) വിധിയിലുള്ള വിശ്വാസം:

എല്ലാ കാര്യങ്ങളെക്കുറിച്ചും അത് സംഭവിക്കുന്നതിന് മുമ്പ് തന്നെ അല്ലാഹു മുൻകൂട്ടി അറിയുകയും, പിന്നീട് ആ അറിവിന്റെ അടിസ്ഥാനത്തി ൽ, അവന്റെ തീരുമാന പ്രകാരവും അവന്റെ ഉദ്ദേശ്യ പ്രകാരവും അവൻ അപ്രകാരം സംഭവിപ്പിക്കുകയും ചെയ്യുന്നു എന്നതാണിതുകൊണ്ട് അർ ത്ഥമാക്കുന്നത്. അല്ലാഹു പറയുന്നു: 'ഓരോ വസ്തുവെയും അവൻ സൃഷ്ടിക്കുകയും, അതിനെ അവൻ ശരിയാംവണ്ണം വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു' (ഫുർഖാൻ: 2).

കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിലുള്ള വിധിവിശ്വാസം മനുഷ്യന് മഹത്തായ പ്രയോജനം ലഭ്യമാക്കുന്നു. അവയിൽ ചിലത് ഇപ്രകാരമാണ്:

1) മനശ്ശാന്തി, ആത്മസംതൃപ്തി. സംഭവിച്ചുകഴിഞ്ഞതിന്റെയും നഷ്ടപ്പെ ട്ടുപോയതിന്റെയും പേരിൽ പിന്നീട് ദുഃഖങ്ങൾക്കോ വേവലാതികൾക്കോ അവിടെ അവസരമുണ്ടാവുകയില്ല.

2) ഈ പ്രപഞ്ചത്തിലെ ദൈവിക നിക്ഷേപങ്ങളെക്കുറിച്ച് പഠിച്ചറിയുവാനും ഗവേഷണം നടത്തി കണ്ടുപിടിക്കുവാനും പ്രേരണ നൽകുന്നു. അതിനാൽത്തന്നെ രോഗങ്ങൾ പോലെയുള്ള പ്രശ്നങ്ങൾ മനുഷ്യന് പിടിപെടുമ്പോൾ, ആ ദൈവവിധിയെ പ്രതിരോധിക്കാനാവശ്യമായ ചികിൽസയെക്കുറിച്ച്– അഥവാ അല്ലാഹു ഈ പ്രപഞ്ചത്തിൽ സൃഷ്ടിച്ചിട്ടുള്ള മരുന്നുകളെക്കുറിച്ച് ഗവേഷണം നടത്താൻ അതവനെ പ്രേരിപ്പിക്കുന്നു.

3) അല്ലാഹുവുമായി ആത്മ ബന്ധം സ്ഥാപിക്കുവാൻ സാധ്യമാവുന്നു. അതിനാൽത്തന്നെ മനുഷ്യന്റെ ഉപദ്രവങ്ങളെ ഭയക്കേണ്ടി വരുന്നില്ല. പ്രവാചകൻ (സ) പറയുന്നു: '..നീ അറിയുക, മനുഷ്യ സമുദായം മുഴുവൻ നിനക്കൊരു ഉപകാരം ചെയ്യാനായി ഒന്നിച്ചാൽപ്പോലും അല്ലാഹു നിനക്കായി കണക്കാക്കിയ അത്രയല്ലാതെ എന്തെങ്കിലും ഉപകാരം ചെയ്യാൻ അവർക്കാവുകയില്ല. അതുപോലെത്തന്നെ നിനക്ക് വല്ല ഉപദ്രവവും വരുത്തുവാനായി അവർ ഒന്നിച്ചുകൂടിയാൽ നിനക്കെതിരിൽ അല്ലാഹു രേഖപ്പെടുത്തിയതെന്തോ, അത്രയല്ലാതെ നിനക്ക് ഉപദ്രവം വരുത്തുവാനും അവർക്കു സാധ്യമല്ല. പേനകൾ ഉയർത്തപ്പെടുകയും പേജുകൾ മഷിയുണങ്ങുകയും ചെയ്തിരിക്കുന്നു' (തുർമുദി).

islamhouse.com



## ഇസ്‌ലാമിന്റെ അടിത്തറകൾ

അടിസ്ഥാനപരമായി മനുഷ്യശരീരത്തെയും, അവന്റെ ആത്മാഭിമാനം, സമ്പത്ത്, ബുദ്ധി, കുടുംബബന്ധങ്ങൾ എന്നിവയെയും ഇസ്‌ലാം സംരക്ഷി ക്കുന്നു. നബി (സ) പറയുന്നു: 'നിശ്ചയമായും നിങ്ങളുടെ രക്തവും ധനവും അഭിമാനവും നിങ്ങളുടെ മേൽ അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങ ളുടെ ഈ നാട്ടിൽ, ഈ മാസത്തിൽ, ഈ ദിവസത്തിന്നുള്ള പവിത്രത പോലെ' (ബുഖാരി).

വീണ്ടും അദ്ദേഹം അരുളി: 'വിശ്വാസിയാരെന്ന് ഞാൻ നിങ്ങൾക്ക് അറി യിച്ച് തരട്ടെയോ? ഏതൊരുത്തനിൽ നിന്ന് തങ്ങളുടെ സമ്പത്തിന്മേലും ശരീ രങ്ങളിന്മേലും മറ്റു മനുഷ്യർ നിർഭയരാവുന്നുവോ അവനാണ്. ഏതൊരു ത്തന്റെ നാവിൽ നിന്നും കൈയിൽ നിന്നും മറ്റു മുസ്‌ലിംകൾ രക്ഷപ്പെടു ന്നുവോ അവനാണ് യഥാർത്ഥ മുസ്‌ലിം. ദൈവാനുസരണ മാർഗ്ഗത്തിൽ സ്വന്തത്തോട് സമരം ചെയ്യുന്നവനാണ് 'മുജാഹിദ്' അഥവാ ധർമ്മ സമരം ചെയ്യുന്നവൻ. പാപങ്ങളും തെറ്റുകളും വെടിയുന്നവനാണ് ദൈവമാർഗ്ഗത്തി ൽ പാലായനം ചെയ്യുന്നവൻ' (ഇബ്നുഹിബ്ബാൻ).

## ഇസ്‌ലാമിക സ്വഭാവങ്ങൾ

മ്ലേച്ഛമായ മുഴുവൻ വാക്കുകളും പ്രവർത്തികളും ഇസ്‌ലാം നിഷിദ്ധമാക്കുകയുണ്ടായി. അല്ലാഹു പറയുന്നു: 'പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായിട്ടുള്ളതുമായ നീചവൃത്തികളും, അധർമ്മവും, ന്യായം കൂടാതെയുള്ള കൈയേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്ക് ചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമി ല്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്' (അഅ്റാഫ്: 33).

അപ്രകാരം തന്നെ എല്ലാ ഉത്തമ സ്വഭാവവും അല്ലാഹു കൽപിക്കുകയും അത് കൈക്കൊള്ളാൻ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നബി (സ) പറഞ്ഞു: 'ഉത്തമ സ്വഭാവങ്ങളെ പൂർത്തീകരിക്കാനാണ് ഞാൻ നിയുക്തനായിരിക്കുന്നത്' (അൽ മുസ്തദ്റക്).

*islamhouse.com*



## അവകാശങ്ങൾ ഇസ്‌ലാമിൽ

സമൂഹത്തിലെ ഓരോ വ്യക്തിക്കും തന്റെ സ്ഥാനമാനങ്ങളനുസരിച്ച് കടമകളെന്ന പോലെ അവകാശങ്ങളും ഇസ്‌ലാം ഏർപ്പെടുത്തിയിട്ടുണ്ട്. മാതാപിതാക്കൾക്കും, ഭാര്യാഭർത്താക്കളിലോരോരുത്തർക്കും, സന്താനങ്ങൾക്കും, അയൽക്കാർക്കുമൊക്കെ അവരുടേതായ അവകാശങ്ങളുണ്ട്. മുസ്‌ലിം സമൂഹത്തിലെ ഓരോ വ്യക്തികളെ പരസ്പരം കൂട്ടിയിണക്കാൻ ഇത് നിമിത്തമാവുന്നതോടൊപ്പം അവർ ഭിന്നിക്കാതെയും ഛിദ്രമാവാതെയും കാത്തുസംരക്ഷിക്കുകയും, അവർക്കിടയിൽ സ്നേഹവും ഐക്യവും വ്യാപിക്കുവാൻ അത് കാരണമാവുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: 'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കു ചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബ ബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല' (നിസാഅ്: 36).

അപ്രകാരം തന്നെ വഴികൾക്കും അവകാശങ്ങളുണ്ട്. റസൂൽ (സ) പറയുന്നതു കാണുക: 'വഴികളിൽ ഇരിക്കുന്നത് നിങ്ങൾ വെടിയുക. അപ്പോൾ അവർ പറഞ്ഞു: 'സംസാരിക്കാനും മറ്റുമായി ഞങ്ങൾക്ക് അപ്രകാരം ഇരിക്കാതെ നിവൃത്തിയില്ല. നബി (സ) പറഞ്ഞു: 'നിങ്ങൾക്ക് ഇരുന്നേതീരൂ എങ്കിൽ വഴിയുടെ അവകാശത്തെ നിങ്ങൾ കൊടുക്കുക'. അവർ ചോദിച്ചു: 'വഴിയുടെ അവകാശമോ? അതെന്താണ് തിരുദൂതരെ?. അദ്ദേഹം പറഞ്ഞു: 'ദൃഷ്ടികളെ താഴ്ത്തുക, ഉപദ്രവങ്ങളെ തടയുക, സലാം മടക്കുക, നന്മ കൽപ്പിക്കുകയും തിന്മ തടയുകയും ചെയ്യുക എന്നിവയാണത് (ബുഖാരി).

മൃഗങ്ങൾക്കും അവകാശങ്ങളുണ്ട്. അവയോട് അനുകമ്പ കാണിക്കലും അവയോട് നല്ല രൂപത്തിൽ വർത്തിക്കലും പാപമോചനത്തിന് കാരണമാവുന്നു. തിരുദൂതർ (സ) പറയുന്നത് നോക്കൂ: 'ഒരാൾ യാത്ര ചെയ്യുകയാണ്. അയാൾക്ക് കഠിനമായ ദാഹം ഉണ്ടായി. (അയാൾ വെള്ളം അന്വേഷിച്ചു, പക്ഷെ കിട്ടിയില്ല) അങ്ങനെ അയാൾ (വെള്ളമുള്ള) ഒരു കിണർ കണ്ടെത്തി. അതിൽ ഇറങ്ങി വേണ്ടത്ര വെള്ളം കുടിച്ച് (അയാൾ ദാഹം തീർത്തു). പുറത്തു വന്നപ്പോൾ കണ്ടത് ദാഹത്തിന്റെ കാഠിന്യത്താൽ മണ്ണ് തിന്നുന്ന ഒരു നായയെയാണ്. (അൽപം മുമ്പുള്ള തന്റെ അവസ്ഥ അയാൾ ഓർത്തു). 'ദാഹം നിമിത്തം തനിക്കുണ്ടായിരുന്ന അതേ പോലെ കഷ്ടപ്പെടുകയാണ് ഈ നായ', അയാൾ ആത്മഗതം ചെയ്തു: അങ്ങനെ അയാൾ വീണ്ടും കിണറ്റിലിറങ്ങി. തന്റെ ഷൂ അഴിച്ച് അതിൽ വെള്ളം നിറച്ചു. (ശേഷം വായ കൊണ്ട് കടിച്ചുപിടിച്ച് കരക്ക് കയറി). നായയെ കുടിപ്പിച്ചു. അയാളുടെ ഈ ദയാ കർമ്മത്തിന് നന്ദിയായി അല്ലാഹു അയാൾക്ക് പൊറുത്തുകൊടുത്തു. അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരെ, കന്നുകാലികളിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടെന്നോ?. അദ്ദേഹം പറഞ്ഞു: 'അതെ, പച്ചക്കരളുള്ള ഏതൊന്നിന് ഗുണം ചെയ്യുന്നതിലും പ്രതിഫലമുണ്ട്' (ബുഖാരി).

ബന്ധിച്ചിടുകയും ഉപദ്രവമേൽപ്പിക്കുകയും ചെയ്തുകൊണ്ട് മിണ്ടാപ്രാണികളോട് നീചമായി പെരുമാറുക എന്നത് നരകപ്രവേശത്തിന് കാരണമാക്കുന്നതാണ്. നബി (സ) പറയുന്നു: 'ഒരു സ്ത്രീ തന്റെ പൂച്ചയുടെ കാരണത്താൽ ശിക്ഷിക്കപ്പെട്ടു. അവളതിനെ കെട്ടിയിട്ടു, ഭക്ഷണവും വെള്ളവും കൊടുത്തില്ല. പുറത്തുപോയി തിന്നാൻ അവളതിനെ വിട്ടയച്ചതുമില്ല. അത് വിശന്ന് ചത്തു. അക്കാരണത്താൽ അവൾ നരകത്തിൽ പ്രവേശിച്ചു' (ബുഖാരി).

കേവലം മൃഗങ്ങളോടുള്ള ഇസ്‌ലാമിന്റെ കാരുണ്യമിതാണെങ്കിൽ മറ്റു ജീവജാലങ്ങളെക്കാളെല്ലാം അല്ലാഹു ശ്രേഷ്ഠത നൽകി അനുഗ്രഹിച്ച മനുഷ്യരോട് എത്രമാത്രം നമുക്ക് കരുണയുണ്ടാകണം.!

## 'ഇസ്‌ലാം' അദ്ദേഹത്തിന്റെ വാക്കുകളിൽ

'അറേബ്യൻ നാഗരിഗത' എന്ന തന്റെ ഗ്രന്ഥത്തിൽ 'ജാക് റെസ്റ്റ്‌ലർ'* പറയുന്നു: 'ഇസ്‌ലാമിനെ വ്യത്യസ്തങ്ങളായ മൂന്ന് അർത്ഥതലങ്ങളിൽ നമുക്ക് കാണാം. മതം, രാഷ്ട്രം, സംസ്കാരം അഥവാ നാഗരികത' എന്നിവയാണവ.

## ഇസ്‌ലാമിന്റെ സന്ദേശവാഹകൻ

മുഹമ്മദ് എന്നാണദ്ദേഹത്തിന്റെ നാമം. ഖുറൈശി ഗോത്രത്തിൽ ഹാശിം കുടുംബത്തിൽ അബ്ദുൽ മുത്വലിബിന്റെ മകൻ അബ്ദുല്ലയുടെയും, വഹബിന്റെ മകൾ ആമിനയുടെയും പുത്രനായാണ് അദ്ദേഹം ജനിച്ചത്. മാതാവിന്റെയും പിതാവിന്റെയും പിതൃപരമ്പര അല്ലാഹുവിന്റെ ഖലീൽ ഇബ്റാഹിം (അ)യുടെ പുത്രൻ ഇസ്മാഈൽ (അ)യുടെ മക്കളിലൊരാളായ അദ്നാനിലേക്ക് എത്തിച്ചേരുന്നു. ക്രിസ്താബ്ദം 571ൽ മക്കയിലാണദ്ദേഹത്തിന്റെ ജനനം. ഇബ്റാഹിം (അ) പണിത കഅ്ബാലയത്തിന്റെ സാന്നിധ്യത്താൽ അറേബ്യൻ ഉപദ്വീപിലെ മതകേന്ദ്രമായാണ് മക്ക അറിയപ്പെടുന്നത്. തന്റെ സമൂഹത്തിൽ 'അൽ അമീൻ' (വിശ്വസ്തൻ) എന്നാണദ്ദേഹം അറിയപ്പെട്ടത്. അവർ യാത്ര പോവുമ്പോഴും മറ്റും അവരുടെ വിലപ്പെട്ടതെല്ലാം അദ്ദേഹത്തിന്റെ പക്കൽ സൂക്ഷിക്കാൻ ഏൽപ്പിക്കുമായിരുന്നു. തന്റെ വാക്കിലും പ്രവർത്തിയിലും സത്യസന്ധത പുലർത്തിയിരുന്നതുകൊണ്ട് അദ്ദേഹം സത്യവാൻ എന്നറിയപ്പെട്ടു. കളവ്, വഞ്ചന, ചതിവ് എന്നിവയൊരിക്കലും അദ്ദേഹത്തെക്കുറിച്ച് അവർ ഭയപ്പെട്ടിരുന്നില്ല. അദ്ദേഹം ജനങ്ങൾക്ക് നന്മ ആഗ്രഹിക്കുന്നവനായിരുന്നു. അദ്ദേഹത്തിന് നാൽപത് വയസ്സുള്ളപ്പോൾ ദിവ്യവെളിപാടുണ്ടായി. വിവരം തന്റെ ഭാര്യ ഖദീജയെ അദ്ദേഹം അറിയിച്ചു. അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ കാര്യത്തിൽ ഭയപ്പെടുന്നു'. അന്നേരം അവർ

* ഫ്രഞ്ച് ഇസ്‌ലാമിക് വിദ്യാലയത്തിലെ അധ്യാപകനും, ആധുനിക ഫ്രഞ്ച് ഗവേഷകനുമാണ് ഡോ. ജാക് റെസ്റ്റ്‌ലർ.

islamhouse.com



പറയുന്നു: 'ഇല്ല, അല്ലാഹുവാണ് സത്യം. താങ്കൾ കുടുംബബന്ധം ചേർക്കുന്നു, ഞെരുക്കമുള്ളവരുടെ ഭാരം ഏറ്റെടുക്കുന്നു, ഇല്ലാത്തവനെ സഹായിക്കുന്നു, അഥിതിയെ സൽക്കരിക്കുന്നു, അവകാശങ്ങൾ വാങ്ങിക്കൊടുക്കാൻ സഹായിക്കുന്നു. എന്നിരിക്കെ അല്ലാഹു അങ്ങയെ ഒരിക്കലും നിന്ദിക്കുകയില്ല.

അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ആളുകളെ ക്ഷണിച്ചുകൊണ്ട് അദ്ദേഹം മക്കയിൽ 13 വർഷം കഴിച്ചുകൂട്ടി. ശേഷം മദീനയിലേക്ക് പാലായനം ചെയ്തു. മദീനവാസികളെ അദ്ദേഹം ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവർ ക്ഷണം സ്വീകരിച്ചു മുസ്‌ലിംകളായി. മതത്തിന്റെ മറ്റു നിയമ നിർദ്ദേശങ്ങളെല്ലാം അവതരിക്കപ്പെട്ടു. ഹിജ്റ 8–ാം വർഷം മക്ക അദ്ദേഹത്തിന് കീഴ്പ്പെട്ടു. 63–ാം വയസ്സിൽ അദ്ദേഹം മരണപ്പെട്ടു. ഇതിനിടക്കായി വിശുദ്ധ ഖുർആനും, ഇസ്‌ലാമിന്റെ മുഴുവൻ നിയമ സംഹിതകളും പൂർണ്ണമായും അദ്ദേഹത്തിന് അവതീർണ്ണമായിക്കഴിഞ്ഞിരുന്നു. അറബികൾ ഒന്നടങ്കം ഇസ്‌ലാമിൽ പ്രവേശിക്കുകയും ചെയ്തു.

## 'മുഹമ്മദ് (സ)' അവരുടെ വാക്കുകളിൽ

ഡോ. ജി. ലെബോൻ,* 'അറേബ്യൻ നാഗരികത' എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: 'ഏറ്റവും ഉൽകൃഷ്ടമായ പ്രവർത്തനങ്ങൾ നടപ്പാക്കിയ വ്യക്തികളെ അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നാം അളക്കുമ്പോൾ, ചരിത്രം കണ്ടിട്ടുള്ളവരിൽ വെച്ച് ഏറ്റവും മഹാനാണ് മുഹമ്മദ് (സ) എന്ന് നമുക്ക് കണ്ടെത്താൻ സാധിക്കും. അദ്ദേഹത്തിന്റെ മഹത്വത്തെ മനസ്സിലാക്കാൻ സാധിച്ച പാശ്ചാത്യൻ പണ്ഡിതർ മതപരമായ പക്ഷപാതിത്വം ഉള്ളതോടൊപ്പം തന്നെ, മറ്റനേകം ചരിത്ര പുരുഷന്മാരെക്കാളും ഉൾക്കാഴ്ചയുള്ള വ്യക്തിത്വമാണ് മുഹമ്മദ് എന്ന വസ്തുത തുറന്ന് സമ്മതിക്കുകയാണ്.

* ഫ്രഞ്ച് ചരിത്രകാരനും, ഭിഷഗ്വരനുമാണ് ഡോ. ജി. ലെബോൻ.

പാശ്ചാത്യൻ എഴുത്തുകാരനും ബുദ്ധിജീവിയുമായ ഡോ. മൈക്കൽ എച്ച്. ഹാർട്ട്* വിവിധ മേഖലകളിൽ ലോകത്ത് ഏറ്റവും കൂടുതൽ ചലന ങ്ങളുണ്ടാക്കിയ മഹാരഥൻമാരെക്കുറിച്ച് പഠനം നടത്തുകയും, അത്തരം നൂറുപേരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. അതിൽ പ്രഥമ സ്ഥാനം പ്രവാചകൻ മുഹമ്മദ് (സ)ക്ക് നൽകിക്കൊണ്ട് തന്റെ പഠന റിപ്പോർട്ടിൽ അദ്ദേഹം പറയുന്നു: ' ലോകത്ത് വിവിധ മേഖലകളിൽ ഏറ്റവും കൂടുതൽ പ്രതികരണങ്ങളുണ്ടാക്കിയ നൂറ് മഹാൻമാരെക്കുറിച്ച് ഞാൻ തയ്യാറാക്കിയ ഈ ലിസ്റ്റിൽ പ്രഥമ സ്ഥാനത്ത് മുഹമ്മദിനെയാണ് ഞാൻ തിരഞ്ഞെടുത്തി രിക്കുന്നത്. ഒരു പക്ഷെ വായനക്കാരെ ഇത് അൽഭുതപ്പെടുത്തിയേക്കാം. എന്നാൽ എന്റെ വിശ്വാസത്തിൽ മുഹമ്മദ് മാത്രമാണ് ഭൗതികവും ആത്മീ യവുമായ ഇരു മേഖലകളിലും ഒരു പോലെ, പൂർണ്ണരൂപത്തിലും വ്യക്ത മായും വിജയം വരിച്ച ഒരേയൊരു ചരിത്ര പുരുഷൻ'.

* ഡോ. മൈക്കൽ എച്ച്. ഹാർട്ട്– ഗോളശാസ്ത്രത്തിലും, ഇതര ശാസ്ത്ര ശാഖകളിലും പ്രിൻസ്റ്റൺ യൂനിവേഴ്സിറ്റിയിൽ നിന്ന് 1972ൽ ഇദ്ദേഹം ഡോക്ടറേറ്റ് നേടി.

## എന്താണ് ഖുർആൻ?

മുസ്‌ലിം സമൂഹത്തിന്റെ ഭൗതികവും മതപരവുമായ മുഴുവൻ കാര്യങ്ങ ൾക്കും മാർഗ്ഗരേഖയായ അടിസ്ഥാന ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. മുമ്പ് അവതീർണ്ണമായ ദൈവിക ഗ്രന്ഥങ്ങളിൽ നിന്നും ഖുർആൻ താഴെ പറയുന്ന കാരണങ്ങളാൽ വ്യതിരിക്തമായി നിലക്കൊള്ളുന്നു. അവ:

❖ ആകാശ ദൂതുകളിൽ ഏറ്റവും ഒടുവിലത്തേതാണത്. അതിനാൽത്തന്നെ അന്ത്യനാൾ വരേക്കും അത് സംരക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ് തിരിക്കുന്നു. അവൻ പറയുന്നു: 'തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതു മാണ്' (ഹിജ്ർ: 9).

❖ ഒരു ഉൽകൃഷ്ട സമൂഹത്തെ നിലനിറുത്തുന്നതിനാവശ്യമായ എല്ലാ നിയ മങ്ങളും അത് ഉൾക്കൊള്ളുന്നു. എല്ലാ മനുഷ്യർക്കും അവകാശങ്ങളെ അത് വകവെച്ച് കൊടുക്കുന്നു.

❖ ക്രമാനുബന്ധമായി ആദം (അ) മുതൽ മുഹമ്മദ് (സ) വരെയുള്ള പ്രവാ ചകന്മാരെക്കുറിച്ചും, അവരുടെ മതനിയമങ്ങളെക്കുറിച്ചും, തങ്ങളുടെ സമൂ ഹങ്ങളോടൊപ്പമുള്ള അവരുടെ സംഭവവികാസങ്ങളെക്കുറിച്ചും കൃത്യമായ വിവരങ്ങൾ നൽകുന്ന ചരിത്ര രേഖയാണത്.

❖ മാനവ ലോകത്തിനാകമാനമായാണ് അത് അവതീർണ്ണമായിരിക്കുന്നത്. യഥാർത്ഥ സൗഭാഗ്യവും, മനസ്സമാധാനവും, സ്ഥൈര്യ ജീവിതവും അത് മനു ഷ്യന് കാഴ്ചവെച്ചു. ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക് അതവരെ നയിച്ചു.

❖ അത് പാരായണം ചെയ്യലും, മനപ്പാഠമാക്കലും, പഠിക്കലും അല്ലാഹുവി നുള്ള ആരാധനകൂടിയാണ്.

## 'ഖുർആൻ' അവരുടെ വാക്കുകളിൽ

ഡബ്ല്യൂ. ഡുറാന്റ് നാഗരികതയുടെ കഥ എന്ന തന്റെ ഗ്രന്ഥത്തിൽ പറയു ന്നു: 'വളരെ സരളവും, അവ്യക്തതകളില്ലാത്തതും, മറ്റു രചനകളെ തീരെ

അവലംബിക്കാത്തതും, വിഗ്രഹാരാധനയിൽ നിന്നും ജോൽസ്യത്തിൽ നിന്നുമെല്ലാം വളരെ വിദൂരവും സ്വതന്ത്രവുമായൊരു വിശ്വാസ സംഹിതയാണ് ഖുർആൻ മനുഷ്യ മനസ്സുകളിലേക്ക് പ്രദാനം ചെയ്യുന്നത്. മുസ്‌ലിംകളുടെ സംസ്കാരികവും സ്വഭാവപരവുമായ ഉന്നമനത്തിൽ ഖുർആനിന്ന് വളരെ ശ്രേഷ്ഠമായ പങ്കുണ്ട്. ഖുർആനാണ് അവരിൽ സാമൂഹ്യ നിയമങ്ങൾക്ക് അടിത്തറ പാകിയതും, സാമൂഹ്യ ഐക്യം യാഥാർത്ഥ്യമാക്കിയതും. ആരോഗ്യപരമായ അടിസ്ഥാന നിയമങ്ങളെ പിൻപറ്റാൻ ഖുർആൻ അവരെ പ്രേരിപ്പിച്ചു. അന്ധവിശ്വാസങ്ങളിൽ നിന്നും ഊഹാപോഹങ്ങളിൽ നിന്നും, അക്രമങ്ങളിൽ നിന്നും ഹൃദയ കാഠിന്യത്തിൽ നിന്നും അവരുടെ ബുദ്ധികളെ ഖുർആൻ സ്വതന്ത്രമാക്കി. വാക്കുകളെ നന്നാക്കുകയും നിന്ദ്യമനസ്സുകളിൽ മാന്യതയും അന്തസ്സും പ്രദാനം ചെയ്യുകയും ചെയ്തു. മുസ്‌ലിംകൾക്കിടയിൽ നീതിയുണ്ടാക്കി. ദേഹേച്ഛകളിൽ നിന്നവരെ മുക്തമാക്കി. ലോകത്ത് തുല്യതയില്ലാത്തവിധം വെളുത്ത മനസ്സിന്റെ ഉടമകളെ അത് വാർത്തെടുത്തു'.

# ഇസ്‌ലാമും വിജ്ഞാന സമ്പാദനവും

വിജ്ഞാന സമ്പാദനത്തെയും അത് വികസിപ്പിക്കുന്നതിനായുള്ള പരിശ്രമങ്ങളെയും ഇസ്‌ലാം അങ്ങേയറ്റം പ്രോൽസാഹിപ്പിക്കുകയും, അജ്ഞതയെ ആക്ഷേപിക്കുകയും അതെക്കുറിച്ച് ജാഗ്രതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അല്ലാഹു പറയുന്നു: 'നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്' (മുജാദില: 11).

അതിനുമപ്പുറം, വിജ്ഞാന സമ്പാദനത്തിനും അധ്യാപനത്തിനുമുള്ള പരിശ്രമങ്ങളെ സ്വർഗ്ഗത്തിലേക്കുള്ള പാതയായി ഇസ്‌ലാം കണക്കാക്കുകയും ചെയ്യുന്നു. നബി (സ) പറയുന്നു: 'വിദ്യ തേടുന്ന മാർഗ്ഗത്തിൽ പ്രവേശിച്ചവന്ന് അല്ലാഹു സ്വർഗ്ഗത്തിലേക്കുള്ള പാത എളുപ്പമാക്കിക്കൊടുക്കും' (ഇബ്നു ഹിബ്ബാൻ).

അതുപോലെത്തന്നെ, വിജ്ഞാനം എല്ലാവരുടെയും അവകാശമാണെന്നതിനാൽ അത് മറച്ചുവെക്കുന്നതിനെ അദ്ദേഹം നിരോധിക്കുകയും ചെയ്തു. നബി (സ) പറഞ്ഞു: 'ഒരു അറിവിനെ (ജനങ്ങളെ അറിയിക്കാതെ) മൂടിവെച്ചവനെ, അല്ലാഹു അന്ത്യനാളിൽ തീയിനാലുള്ള കടിഞ്ഞാണിടുന്നതാണ്' (ഇബ്നുഹിബ്ബാൻ).

പണ്ഡിതനെ സ്ഥാനം നൽകി പരിഗണിക്കുകയും, അവരെ ആദരിക്കുവാനും അർഹിക്കുന്ന സ്ഥാനം നൽകി ബഹുമാനിക്കുവാനും ഇസ്‌ലാം ആവശ്യപ്പെടുകയും ചെയ്തു. നബി (സ) പറയുന്നത് നോക്കുക: 'വലിയവരെ ആദരിക്കുകയും, ചെറിയവരോട് കരുണ കാണിക്കുകയും, അറിവുള്ളവർക്ക് അർഹമായ അവകാശം നൽകുകയും ചെയ്യാത്തവൻ എന്റെ സമുദായത്തിൽപ്പെട്ടവനല്ല' (മുസ്നദ് ഇമാം അഹ്മദ്).

പണ്ഡിതൻമാർക്ക് ഇസ്‌ലാമിലുള്ള സ്ഥാനമെന്തെന്ന് നബി (സ) തന്റെ വാക്കിലൂടെ വ്യക്തമാക്കി: 'അറിവുള്ളവനും അറിവില്ലാത്തവനും തമ്മിലുള്ള വ്യത്യാസം, നിങ്ങളിൽ ഏറ്റവും സാധാരണക്കാരനും ഞാനും തമ്മിലുള്ള വ്യത്യാസം പോലെയാണ്' (സുനനു തുർമുദി).

islamhouse.com



# ഇസ്‌ലാമും സമ്പത്തും

ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ സമ്പത്ത് ദൈവത്തിന്റേതാണ്. മനുഷ്യന്റെ അടുക്കൽ അത് ഏൽപ്പിക്കപ്പെട്ടതും ചോദ്യം ചെയ്യപ്പെടുന്നതുമായ ഒരു സൂക്ഷിപ്പുസ്വത്ത് മാത്രമാണ്. ദൈവിക നിയമത്തിന് വിധേയമായി, അനുവദനീയമായ മാർഗ്ഗത്തിൽകൂടി മാത്രമേ അത് സമ്പാദിക്കാനും, തന്റെയും തന്റെ ആശ്രിതരുടെയും ആവശ്യങ്ങൾക്ക് ചിലവു ചെയ്യാനും പാടുള്ളൂ. ധൂർത്തടിക്കുവാനും അമിതവ്യയം ചെയ്യുവാനും പാടില്ല. പ്രവാചകൻ (സ) താക്കീതുചെയ്യുന്നു: 'തന്റെ ആയുസ്സ് ഏതുമാർഗ്ഗത്തിൽ നശിപ്പിച്ചുവെന്നും, തന്റെ അറിവുകൊണ്ടെന്തു പ്രവർത്തിച്ചെന്നും, ധനം എവിടെ നിന്ന് സമ്പാദിച്ചു ഏതുമാർഗ്ഗത്തിൽ ചിലവഴിച്ചുവെന്നും, തന്റെ ശരീരം (യുവത്വം) ഏതു മാർഗ്ഗത്തിൽ തുലച്ചുവെന്നും ചോദിക്കപ്പെടാതെ ഒരടിമയുടെയും ഇരു പാദങ്ങളും മുന്നോട്ട് ചലിപ്പിക്കുവാൻ സാധ്യമാവുകയില്ല' (സുനനു തുർമുദി).

ധനം നന്മയുട മാർഗ്ഗത്തിലാണ് ചിലവുചെയ്യേണ്ടത്. അല്ലാഹുതമ്പുരാൻ പറയുന്നതുകാണുക: 'നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും, അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകന്മാരിലും വിശ്വസിക്കുകയും, സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും, അഗതികൾക്കും, വഴിപോക്കന്നും, ചോദിച്ചുവരുന്നവർക്കും, അടിമമോചനത്തിന്നും നൽകുകയും ചെയ്തവരാരോ അവരാണ് പുണ്യവാന്മാർ' (ബഖറ: 177).

# സ്ത്രീ ഇസ്ലാമിൽ

സ്ത്രീയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത് ഇസ്ലാമിന്റെ വ്യതിരിക്തതയും വ്യക്തമായ മുഖമുദ്രയും പൂർണ്ണതയുമാണ്. നബി (സ) പറയുന്നു: 'നിങ്ങളിൽ ഏറ്റവും ഉത്തമർ നിങ്ങളുടെ ഭാര്യമാരോട് ഉത്തമമായി പെരുമാറുന്നവനാകുന്നു' (ഇബ്നുഹിബ്ബാൻ).

കുടുംബബന്ധം ചേർക്കുന്നിടത്തും, പുണ്യവും നന്മയും ചെയ്യപ്പെടുമ്പോഴും മുൻഗണന നൽകപ്പെടേണ്ടത് അവളാണ്. തനിക്ക് ഏറ്റവും കടപ്പെട്ടതാരോടെന്ന് തന്നോട് ചോദിച്ച വ്യക്തിയോട് നബി (സ) അരുളി: 'നിന്റെ മാതാവിനോട്'. അയാൾ ചോദ്യം മൂന്ന് പ്രാവശ്യം ആവർത്തിച്ചു. അപ്പോഴെല്ലാം നബി അരുളി: 'നിന്റെ മാതാവിനോട്'. നാലാം പ്രാവശ്യം ചോദ്യം ആവർത്തിച്ചപ്പോഴാണ് നബി (സ) പറഞ്ഞത്: 'നിന്റെ പിതാവിനോട്' (ബുഖാരി).

'സ്ത്രീ പുരുഷന്മാരുടെ കൂടെപ്പിറപ്പുകളാണ്' എന്ന പ്രവാചകമൊഴിയിൽ നിന്നുതന്നെ സ്ത്രീക്ക് ഇസ്ലാം കണക്കാക്കുന്ന സ്ഥാനം മനസ്സിലാക്കാവുന്നതാണ്. സ്ത്രീയെക്കുറിച്ചുള്ള ഇസ്ലാമിക കാഴ്ചപ്പാട് നമുക്കിപ്രകാരം സംഗ്രഹിക്കാം:

1) മനുഷ്യനെന്ന കാര്യത്തിൽ സ്ത്രീയും പുരുഷനും ഒരുപോലെയാണ്. അവൾ പാപത്തിന്റെ ഉറവിടമല്ല. ആദം (അ) സ്വർഗ്ഗത്തിൽ നിന്ന് പുറത്ത് പോവാൻ കാരണം സ്ത്രീയാണെന്ന ധാരണ അസംബന്ധമാണ്.

2) ഇസ്ലാമിക നിയമങ്ങൾ വഹിപ്പിക്കപ്പെട്ടതിൽ സ്ത്രീയും പുരുഷനും ഒരു പോലെയാണ്. അവൾക്കായി പ്രത്യേകം ബാധ്യതകളില്ല.

3) സ്ത്രീക്ക് പുരുഷനെപ്പോലെത്തന്നെ അവളുടേതായ വ്യക്തിത്വം ഇസ്ലാം വകവെച്ചുകൊടുത്തു. വിവാഹിതയായി എന്നതിനാലും, വിവാഹശേഷം ഭർത്താവിന്റെ വ്യക്തിത്വത്തിലേക്ക് ചേർക്കപ്പെടുന്നതിനാലും അവൾക്കവളുടെയും അവളുടെ കുടുംബത്തിന്റെയും പേരും മേൽവിലാസവും നഷ്ടപ്പെടുന്നില്ല.

4) ഭൗതികവും പാരത്രികവുമായ രക്ഷാശിക്ഷകളിൽ സ്ത്രീ പുരുഷനെ പ്പോലെത്തന്നെയാണ്.

5) അഭിമാന സംരക്ഷണത്തിലും, മാന്യത കാത്തുസൂക്ഷിക്കുന്നതിലും സ്ത്രീക്കും പുരുഷനെപ്പോലെ അവകാശമുണ്ട്.

6) സ്ത്രീക്ക് പുരുഷനെപ്പോലെ അനന്തരസ്വത്തിൽ അവകാശമുണ്ട്.

7) കുടുംബത്തിന്റെ പരിപൂർണ്ണതയിലും, സാമ്പത്തിക ക്രയവിക്രയത്തി ലും സ്ത്രീക്ക് പുരുഷനെപ്പോലെ സ്വതന്ത്രാവകാശമുണ്ട്.

8) സാമൂഹിക നന്മയെന്ന ഉത്തരവാദിത്വത്തിൽ പുരുഷനെപ്പോലെ സ്ത്രീയും പങ്കാളിയാണ്.

9) പഠനത്തിലും സംസ്കരണത്തിലുമുള്ള അവകാശത്തിൽ സ്ത്രീയും പുരുഷനെപ്പോലെയാണ്.

## ഇസ്ലാമും അമുസ്ലിംകളും

ഇസ്ലാമിക രാഷ്ട്രത്തിൽ കരാറിന്റെ അടിസ്ഥാനത്തിൽ കഴിയുന്ന അമു സ്ലിംകളുടെ രക്തവും ധനവും അഭിമാനവും സംരക്ഷിതമാണ്. അവരെ അക്രമിക്കുവാനോ, അവരോട് ശത്രുതയോടെ വർത്തിക്കുവാനോ, അവരു ടെ അവകാശങ്ങൾ ഹനിക്കുവാനോ, അവരോട് മോശമായി പെരുമാറുവാ നോ പാടില്ല. അല്ലാഹു പറയുന്നു: 'മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാ തിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരി ക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നന്മചെയ്യു ന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോ ധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു' (മുംതഹന: 8).

നബി (സ) തിരുമേനിയുടെ തിരുമൊഴികൾ നോക്കൂ: 'അറിയുക! ആരെ ങ്കിലും ഇസ്ലാമിക രാഷ്ട്രത്തോട് കരാർ ചെയ്ത ഒരാളെ അക്രമിക്കുകയോ, അവന് താങ്ങാനാവാത്തത് അവനെ വഹിപ്പിക്കുകയോ, അനർഹമായ രൂപ ത്തിൽ അവനിൽ നിന്നും വല്ലതും വസൂലാക്കുകയോ ചെയ്താൽ അന്ത്യ

നാളിൽ ഞാനവന്ന് (സ്വർഗ്ഗത്തെത്തൊട്ട്) തടസ്സമായിരിക്കും. നബി (സ) തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ടാണിത് പറഞ്ഞത്. വീണ്ടും അദ്ദേഹം തുടർന്നു: 'അറിയുക! അല്ലാഹുവിന്റെയും റസൂലിന്റെയും ഉത്തരവാദിത്വത്തിൽ, കരാറിൽ കഴിയുന്ന ഒരാളെ ആരെങ്കിലും കൊന്നാൽ അവന്ന് സ്വർഗ്ഗത്തിന്റെ പരിമളം പോലും അല്ലാഹു നിഷിദ്ധമാക്കും. അതിന്റെ പരിമളമാവട്ടെ എഴുപത് വർഷത്തെ വഴിദൂരത്തു നിന്നുപോലും ലഭിക്കുന്നതാണ്' (സുനനുൽ ബൈഹഖി).

## ഇസ്‌ലാമും യുദ്ധവും

മുസ്‌ലിം സമുദായത്തിനകത്തെന്നപോലെ പുറത്തും പൂർണ്ണ സമാധാനം കാംക്ഷിക്കുന്ന മതമാണ് ഇസ്‌ലാം. മറ്റു സമൂഹങ്ങളുടെ മേൽ കൈയേറ്റം ചെയ്യാതെ, പ്രത്യേകിച്ചും മുസ്‌ലിംകളോട് മതത്തിന്റെ പേരിൽ ശത്രുത പുലർത്താത്ത ഇതര സമുദായങ്ങളുമായി സൗഹൃദബന്ധം സ്ഥാപിച്ചുകൊണ്ട് ഈ സമാധാനം ഇസ്‌ലാം സംരക്ഷിക്കുന്നു. ഇസ്‌ലാമിൽ യുദ്ധം നിയമമാക്കപ്പെട്ടത് താഴെ വിവരിക്കുന്ന ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ്:

1) സ്വന്തം ആത്മരക്ഷക്ക് വേണ്ടിയോ, അല്ലെങ്കിൽ കുടുംബത്തിന് വേണ്ടിയോ, അല്ലെങ്കിൽ നാട്ടിന് വേണ്ടിയോ ഉള്ള പ്രതിരോധമെന്ന നിലക്ക്.

2) അക്രമികൾക്കെതിരിൽ മർദ്ദിതനെ സഹായിക്കാൻ വേണ്ടി. മനുഷ്യത്വപരമെന്ന നിലക്ക് ഇസ്‌ലാം അനുവദിച്ച യുദ്ധമാണിത്.

3) കരാറുകൾ ലംഘിക്കപ്പെടുകയോ അല്ലെങ്കിൽ അത് പാലിക്കപ്പെടാതിരിക്കുകയോ ചെയ്യുമ്പോൾ.

4) മുസ്‌ലിം സമൂഹത്തിന്റെ മേൽ അതിക്രമം പ്രവർത്തിക്കുകയും, നീതിമത്തായ പരിഹാരങ്ങൾക്കും രഞ്ജിപ്പുകൾക്കും വഴങ്ങാത്ത അക്രമികൾക്കെതിരെ.

5) മതത്തിനുവേണ്ടിയുള്ള പ്രതിരോധം, അതിന്റെ സുരക്ഷക്ക് വേണ്ടിയുള്ള ശ്രമം, അതിന്റെ പ്രബോധന മാർഗ്ഗത്തിലുള്ള വിലങ്ങുതടികൾക്കെതിരെയുള്ള സമരം എന്ന നിലകളിലെല്ലാം ഇസ്‌ലാം യുദ്ധം അനുവദിക്കുന്നു. ഇതിനാണ് ഇസ്‌ലാം 'ജിഹാദ്' എന്ന് വിളിക്കുന്നത്. കാരണം, ഇസ്‌ലാം

islamhouse.com



ലോകത്തിനാകമാനമായുള്ള ക്ഷണമാണ്. അത് ഉൾക്കൊള്ളുന്ന നന്മയും, നീതിയും, അത് കൈക്കൊള്ളുന്ന സമത്വവും, മുഴുവൻ മനുഷ്യർക്കുമിടയിൽ – അഥവാ ഈ ലോകം മുഴുവൻ അറിയേണ്ടതുണ്ട്.

എന്നാൽ വിശാലതപ്പെടുത്താനും, അധിനിവേശം സ്ഥാപിക്കാനും, പ്രതികാരം തീർക്കാനും, ശക്തി ബോധ്യപ്പെടുത്താനും വേണ്ടിയുള്ള യുദ്ധങ്ങളെ ഇസ്‌ലാം നിഷിദ്ധമാക്കിയിരിക്കുന്നു. കാരണം, ഇസ്‌ലാമിൽ യുദ്ധം അല്ലാഹുവിന്ന് വേണ്ടിയും അവന്റെ നാമത്തിന്റെ ഉയർച്ചക്കുവേണ്ടിയും ഉള്ളതാണ്. വ്യക്തിപരമായ താൽപര്യങ്ങൾക്കോ ഭൗതികമായ ആഗ്രഹങ്ങൾക്കോ വേണ്ടിയുള്ളതല്ല.

## ഇസ്‌ലാമും പ്രകൃതിയും

പ്രകൃതിയെ സംരക്ഷിക്കാൻ ഇസ്‌ലാം കൽപിക്കുന്നു. അതിനെ നശിപ്പിക്കുന്ന ഒന്നും ചെയ്യുവാൻ പാടുള്ളതല്ല. പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ഇസ്‌ലാം കൈക്കൊണ്ട കാര്യങ്ങളിൽ ചിലത് ഇപ്രകാരമാണ്:

1) മനുഷ്യന് പ്രയോജനകരമായ മരങ്ങൾ നട്ടുപിടിപ്പിക്കൽ. നബി (സ) പറയുന്നു: 'ഒരു മുസ്‌ലിം ഒരുമരമോ ഫലവൃക്ഷമോ നട്ടുപിടിപ്പിച്ചാൽ, അതിൽ നിന്ന് മനുഷ്യനോ പറവയോ മൃഗമോ തിന്നുന്ന ഓരോന്നും അയാൾക്ക് 'സ്വദഖ'യാണ്' (ബുഖാരി).

2) ഉപദ്രവകരമായതോ അതിനുകാരണമാവുന്നതോ ആയ സകലതും നീക്കം ചെയ്യാൻ പ്രേരിപ്പിക്കലിലൂടെ ഇസ്‌ലാം പ്രകൃതിയെ സംരക്ഷിക്കുന്നു. നബി (സ) പറയുന്നു: 'വഴിയിൽ നിന്ന് ഉപദ്രവം നീക്കം ചെയ്യലും ധർമ്മമാണ്' (ബുഖാരി).

3) മഹാരോഗങ്ങളും പകർച്ച വ്യാധികളും വ്യാപിച്ച് മറ്റുള്ളവർക്ക് ഹാനി വരാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കാൻ ഇസ്‌ലാം നിർദ്ദേശിച്ചു. നബി (സ) പറയുകയുണ്ടായി: 'ഒരു നാട്ടിൽ കോളറ ബാധിച്ചിട്ടുണ്ടെന്ന് നിങ്ങളറിഞ്ഞാൽ അവിടെ നിങ്ങൾ പ്രവേശിക്കരുത്, നിങ്ങളുള്ള

islamhouse.com



നാട്ടിൽ അപ്രകാരം സംഭവിച്ചാൽ നിങ്ങളവിടെ നിന്നും പുറത്തു പോവുകയുമരുത് (ബുഖാരി).

4) ഒരു നന്മക്ക് വേണ്ടിയല്ലാതെ ജീവികളെയോ പക്ഷികളെയോ കൊല്ലുന്നതിനെ ഇസ്‌ലാം വിരോധിച്ചു. നബി (സ) പറയുന്നു: 'ആരെങ്കിലും ഒരു കിളിയെ തമാശയായി കൊന്നാൽ, അന്ത്യനാളിൽ അല്ലാഹുവിന്റെ സന്നിധിയിൽ അത് അട്ടഹസിച്ചുകൊണ്ട് പറയും: 'അല്ലാഹുവേ, ഇയാളെന്നെ കൊന്നത് തമാശയായാണ്, ആവശ്യത്തിന് വേണ്ടി കൊന്നതല്ലായിരുന്നു' (ഇബ്നു ഹിബ്ബാൻ).

5) പ്രകൃതിയെ, വിവിധ രൂപങ്ങളിലായി, അനാവശ്യമായി ദുരുപയോഗം ചെയ്യുന്നതിനെ ഇസ്‌ലാം വിരോധിച്ചു. നബി (സ) പറഞ്ഞു: 'ശാപഹേതുക്കളായ രണ്ട് കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക' അവർ ചോദിച്ചു: 'ശാപഹേതുക്കളായ രണ്ട് കാര്യങ്ങൾ ഏതാണ് അല്ലാഹുവിന്റെ ദൂതരേ? അദ്ദേഹം പറഞ്ഞു: 'ജനങ്ങളുടെ വഴികളിൽ, അല്ലെങ്കിൽ അവരുടെ തണലുകളിൽ വിസർജ്ജിക്കപ്പെടുന്നതാണ്' (മുസ്‌ലിം).

## ഇസ്‌ലാമും വൃത്തിയും

ഇസ്‌ലാം വൃത്തിയുടെ മതമാണ്. അല്ലാഹു പറയുന്നു: 'ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്കലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല' (അഅ്റാഫ്: 31).

അപ്രകാരം തന്നെ ഇസ്‌ലാം ശുദ്ധിക്ക് അതീവ പ്രാധാന്യം നൽകുന്നു. അല്ലാഹു പറയുന്നു: 'നിശ്ചയമായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു, ശുദ്ധി പാലിക്കുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു' (ബഖറ: 222).

ഒരു മുസ്‌ലിം ദിനേന രാപ്പകലുകളിലായി അഞ്ചുതവണ നിർവ്വഹിക്കേണ്ടുന്ന നമസ്കാരത്തിന്റെ സ്വീകാര്യതക്ക് നിബന്ധനയാണ് ശുദ്ധി. അപ്രകാരം വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവാൻ കുളിയും ഇസ്‌ലാം നിർബ

islamhouse.com



സ്ഥമാക്കി. ജുമുഅ നമസ്കാരം, രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ, ഹജ്ജ്, ഉംറ പോലെയുള്ള ചില ആരാധനകൾക്ക് അത് വലിയ പുണ്യമായി നിശ്ചയിക്കുകയും ചെയ്തു. ഭക്ഷണം കഴിക്കുന്നതിന് മുമ്പും ശേഷവും കൈ കഴുകണമെന്ന് നിർദ്ദേശിച്ചതും ഇസ്‌ലാം ശുദ്ധിക്ക് നൽകുന്ന പ്രാധാന്യത്തിന്റെ മകുടോദാഹരമാണ്. നബി (സ) പറഞ്ഞു: 'ഭക്ഷണത്തിന്ന് മുമ്പും ശേഷവും വുദു ചെയ്യലാണ് അതിന്റെ അനുഗ്രഹം' (തുർമുദി).

അപ്രകാരം തന്നെ വായ വൃത്തിയാക്കലും ദന്തശുദ്ധി വരുത്തലും. നബി (സ) അരുളിയത് നോക്കൂ: 'എന്റെ സമുദായത്തിന്ന് ഞെരുക്കമാകുമായിരുന്നില്ലെങ്കിൽ, ഓരോ നമസ്കാരത്തിന്നും (നിർബന്ധമായും) ദന്തശുദ്ധി വരുത്തണമെന്ന് ഞാൻ കൽപിക്കുമായിരുന്നു' (മുസ്‌ലിം).

തനിക്ക് രോഗവും മറ്റും വരുത്തിവെക്കുന്നതും, അഴുക്കുകളും തന്റെ ശരീരത്തിൽ നിന്നും നീക്കം ചെയ്യേണ്ടതുണ്ട്. നബി (സ) തിരുമേനി പറയുന്നു: 'അഞ്ചുകാര്യങ്ങൾ പ്രകൃത്യായുള്ള ശുദ്ധീകരണമാണ്: 'ചേലാകർമ്മം ചെയ്യൽ, ഗുഹ്യഭാഗത്തെ രോമം നീക്കൽ, കക്ഷത്തിലെ രോമം പറിക്കൽ, മീശ വെട്ടൽ, നഖം മുറിക്കൽ' എന്നിവയാണത് (ബുഖാരി).

## അവസാനമായി

പ്രിയ വായനക്കാരാ: ഇസ്‌ലാമിക ശരീഅത്ത് പരിപൂർണ്ണമായ ആകാശദൂതും, ഭൗതികലോകത്ത് സൗഭാഗ്യതരവും പാരത്രിക ലോകത്ത് ശാശ്വത സുന്ദരവുമായ ജീവിതത്തിനുള്ള രൂപരേഖയും മാർഗ്ഗരേഖയുമാണ്. ഒരു പക്ഷെ, ചില മുസ്‌ലിംകളിൽ വഴിവിട്ട ജീവിതവും, മാർഗ്ഗഭ്രംശവും, പെരുമാറ്റ സ്വഭാവങ്ങളിൽ വീഴ്ചകളും താങ്കൾ ദർശിച്ചേക്കാം. താങ്കൾ മനസ്സിലാക്കുക! ഇത്തരം മൂല്യച്യുതികളിൽ നിന്ന് ഇസ്‌ലാം പൂർണ്ണമായും മുക്തമാണ്. തങ്ങളുടെ മതകാര്യങ്ങളിലുള്ള അജ്ഞതയോ, അല്ലെങ്കിൽ വിശ്വാസത്തിലുള്ള ശോഷണമോ ആയിരിക്കാം താങ്കൾ കാണുന്ന അവസ്ഥയിലേക്ക് അവരെ കൊണ്ടെത്തിച്ചത്. ആയതിനാൽ ഇസ്‌ലാമിലെ ഇത്തരം ചില വ്യക്തികളെ വെച്ച് ഇസ്‌ലാമിനെ അളക്കരുത്. ഈ കൊച്ചുസന്ദേശം സത്യാ

*islamhouse.com*



ന്വേഷണ മാർഗ്ഗത്തിൽ താങ്കൾക്ക് ഒരു തുടക്കത്തിന് കാരണമാവട്ടെ. അതോടൊപ്പം താങ്കളിൽ ഉണ്ടായിരിക്കേണ്ട ചില പ്രധാന ഘടകങ്ങൾ:

1) വ്യക്തിപരമായ സങ്കുചിതത്വങ്ങളിൽ നിന്നും, മതപരമായ പക്ഷപാതിത്വ ങ്ങളിൽ നിന്നും പൂർണ്ണമായും മുക്തനാവുക.

2) പാപങ്ങളെ കൊയ്തുകൂട്ടലും വഴുതിയ പാതകളിൽ നടക്കലുമല്ല–മറിച്ച്, സന്മാർഗ്ഗത്തിൽ എത്തിച്ചേരണമെന്നും അത് മനസ്സിലാക്കണമെന്നും സത്യസന്ധമായി ആഗ്രഹിക്കുക.

3) സ്വതന്ത്രമായി ചിന്തിക്കുക. മറ്റുള്ളവർ വിധിച്ചിട്ടുള്ള അടിസ്ഥാനത്തി ലാവരുത് താങ്കൾ ഒരു കാര്യത്തിൽ തീരുമാനിക്കുന്നത്.

ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ താങ്കൾക്ക് ആഗ്രഹമുണ്ടെങ്കിൽ താഴെ കാണുന്ന വിലാസത്തിലോ ടെലിഫോണിലോ എത്രയും വേഗം ബന്ധപ്പെടുക...അല്ലെങ്കിൽ താഴെ കൊടുക്കുന്ന വെബ് സൈറ്റുകൾ സന്ദർശിക്കുകയും അന്വേഷിക്കുകയും ചെയ്യുക.

********************

**NICHE OF TRUTH**
**COCHIN-18. KALABHAVAN ROAD**
**Ph. 0484-2367810. Fax. 2380746.**
**www.nicheoftruth.org**

وآخر دعوانا أن الحمد لله رب العالمين

islamhouse.com

# لمــا ذ ا ا لإسلام ؟

## ( باللغة ا لميبارية )

إعداد :

عبد الرحمن بن عبد الكريم الشيحة

تر ة :

محمد كوتي أبو بكر